എമ്മാവൂസ് വചനദൂത്
Vol. VIII • Issue 52



# പെസഹാ

ഡീക്കൻ ചാക്കോ വടക്കേത്തലക്കൽ

സമവീക്ഷ്ണ സുവിശേഷകന്മാർ, ഈശോയുടെ അവസാന പെസഹാ തിരുനാളിനോട് അനുബന്ധിച്ച്, പരി.കുർബ്ബാനയുടെ സ്ഥാപനവിവരണം നൽകുമ്പോൾ, യോഹന്നാൻ സുവിശേഷകൻ നൽകുക തന്റെ ശിഷ്യരുടെ കാൽപാദം കഴുകുന്ന, തഴുകുന്ന, ഒരു ക്രിസ്തുവിനെയാണ്. പരി.കുർബ്ബാന സ്ഥാപനത്തിന്റെ രണ്ട് അവിഭാജ്യ സംഭവങ്ങളാണ് കാൽകഴുകലും, അപ്പം മുറിക്കലും ഈ രണ്ട് സംഭവങ്ങൾ ഒത്തുകൂടുമ്പോഴാണ് പരി.കുർബ്ബാനയുടെ അദ്ധ്യാത്മികതയും, ജീവിതവും അതിന്റെ പൂർണ്ണതയിലെത്തുക.

യഹൂദപാരമ്പര്യമനുസരിച്ച്, യഹൂദർ ഏതുഭവനത്തിലേക്ക് പ്രവേശിക്കുന്നതിന് മുന്നോടിയായി തങ്ങളുടെ പാദങ്ങൾ ഒന്ന് കഴുകുക അവരുടെ രീതിയായിരുന്നു. ആർഷ ഭാരത സംസ്കാരത്തിൽ ഇത് അന്യംനിന്നുപോയ ഒരു സംസ്കാരം തന്നെ. ഒരു പക്ഷേ അന്നും തങ്ങളുടെ ഗുരുവിനൊത്ത് പെസഹാ ആചരിക്കാനായി ശിഷ്യർ ആ ഭവനത്തിൽ പ്രവേശിച്ചപ്പോഴും അവർ പാദങ്ങൾ കഴുകിയിരിക്കണം. പക്ഷേ, എന്നിട്ടും എന്തുകൊണ്ട് ശിഷ്യരുടെ കാൽപാദങ്ങൾ യേശു കഴുകി എന്ന ചോദ്യം നിന്നിലും, എന്നിലും ഉത്തരം കിട്ടാത്ത ചോദ്യമായി നിലനിൽക്കുന്നു. ഒരുപക്ഷേ നിന്റെയും, എന്റെയും ജീവിതനവീകരണങ്ങൾക്കായി.



ശിഷ്യന്മാരുടെ ചില മനോഭാവങ്ങൾ വിശുദ്ധ സുവിശേഷാധിഷ്ഠിതമായി നോക്കിയാൽ അത് സ്വാർത്ഥയാൽ തുളുമ്പിയതായിരുന്നു. ചിലർ അവന്റെ അധികാരങ്ങളെയും, സ്ഥാനമാനങ്ങളേയും മോഹിച്ചു. മറ്റു ചിലർ തങ്ങളിൽ വലിയവൻ ആരെന്ന് തർക്കിച്ചു. മറ്റൊരുവൻ ഇവനെ ഒറ്റിയാൽ കിട്ടുന്ന ലാഭത്താൽ ജീവിതം ആസ്വദിക്കാൻ തീരുമാനിച്ചു, മറ്റൊരുവൻ അവനെ തള്ളിപ്പറഞ്ഞ് സ്വന്തം ജീവിതം സുരക്ഷയിൽ എത്തിക്കാൻ ഭാവിച്ചു. അങ്ങനെയെങ്കിൽ ശിഷ്യരുടെ മനോഭാവം സ്വാർത്ഥപരമായിരുന്നു. പക്ഷേ, ക്രിസ്തു അവരിൽ രൂപപ്പെടുത്താൻ ആഗ്രഹിച്ചത് ഒരു ദിവ്യകാരുണ്യാധിഷ്ഠിത മനോഭാവമാണ്. ഒരുപക്ഷേ അതുകൊണ്ടാകണം പാദങ്ങൾ ശുചിയായിരുന്ന അവരുടെ പാദങ്ങൾ ഒരിക്കൽക്കൂടി

കഴുകാൻ, അവരെ ചുംബിക്കാൻ അവൻ തയ്യാറായി. മനുഷ്യർ ബാഹ്യമോടിയിലേക്ക് നോക്കുമ്പോൾ ദൈവം നിന്റെ ഹൃദയത്തിലേക്ക് കണ്ണുകൾ വയ്ക്കുന്നു. ഒരുപക്ഷേ, ആ കാൽകഴുകൽ വഴി ഈശോ ലക്ഷ്യം ഇട്ടത് അവരുടെ കാലുകളുടെ ശുദ്ധിയല്ല, മറിച്ച് ഹൃദയങ്ങളുടെ ശുദ്ധീകരണമാണ്. മനസ്സിന്റെ പരിവർത്തനമാണ്. ഉയർച്ചകളെയും, ഉന്നത സ്ഥാനങ്ങളെയും സ്വപ്നം കണ്ടിരുന്ന ശിഷ്യഗണത്തിന്റെ മുൻപിൽ അവരുടെ കാൽപാദത്തോളം താഴുന്ന ക്രിസ്തുവിനെയാണ് പെസഹാ അനുസ്മരിപ്പിക്കുക.

## പരി. കുർബ്ബാന – ദൈവസ്നേഹത്തിന്റെ പ്രകടനമാണ്




പഴയ നിയമകാലഘട്ടത്തിൽ ഓർമ്മകളുടെ ഓർമ്മയായ യഹൂദരുടെ പെസഹാ ദൈവത്തിന്റെ കരുണയെ എടുത്തുകാട്ടുന്നെങ്കിൽ, പുതിയ നിയമ പെസഹാ ദൈവസ്നേഹത്തെയാണ് കാട്ടുന്നത്. പഴയ നിയമജനതയോട് ദൈവം അവരുടെ പ്രവൃത്തികൾക്ക് അനുസൃതമായി രക്ഷയും/ശിക്ഷയും നൽകുന്നു എങ്കിൽ, ഈശോ സ്നേഹവും, ക്ഷമയും കാട്ടുന്നു. വചനം പറയുന്നതിപ്രകാരമാണ്. "തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ഈ ലോകത്തെ അത്രയധികമായി ദൈവം സ്നേഹിച്ചു". തീർത്തും അപരിചിതമായ ഒരു സ്നേഹസങ്കൽപ്പത്തിന്റെ പുതുപാഠങ്ങൾ നൽകുന്നതായിരുന്നു ഈശോയുടെ ഊട്ടുശാലയിലെ അത്താഴവും പാദം കഴുകലും.

കാൽകഴുകലിനും അപ്പം മുറിക്കലിനും ശേഷം ഈശോ പറയുന്നതിപ്രകാരമാണ്. "നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" അതായത് സ്നേഹത്തിന്റെ കൂദാശ അർപ്പിക്കാൻ വരുന്ന ഓരോ ക്രൈസ്തവനും സ്നേഹിക്കുന്നവരുടെ മുൻപിൽ താഴ്ന്നു കൊടുക്കാൻ തയ്യാറാകുന്നു. ഇല്ലെങ്കിൽ യാക്കോബ് ശ്ലീഹായുടെ ലേഖനം പറയുന്നു 'ആത്മവഞ്ചന' ചിലപ്പോൾ നമ്മളെയും ബാധിക്കും. അതുകൊണ്ട്, അയോഗ്യതയോടെ കർത്താവിന്റെ ശരീരം ഭക്ഷിക്കുകയും, രക്തം പാനം ചെയ്യുന്നവർ കർത്താവിന്റെ ശരീരത്തിനും, രക്തത്തിനും എതിരായി പാപം ചെയ്യുന്നു എന്ന് പൗലോസ് ശ്ലീഹായും പറഞ്ഞുവയ്ക്കുന്നു. ഈ 'അയോഗ്യത' എന്താണെന്ന് ചോദിച്ചാൽ അത് സഹോദരങ്ങളോടുള്ള സ്നേഹരാഹിത്യമാണ്.

## പരി. കുർബ്ബാന അനുരഞ്ജനത്തിന്റെ കൂദാശയാണ്.

വി.കുർബ്ബാന എന്നും അനുരഞ്ജനത്തിന്റെ കൂദാശയാണ്. തന്റെ ശരീരവും, രക്തവും പകുത്തു നൽകുക അതുവഴി ഈശോ എല്ലാവരെയും അനുരഞ്ജിപ്പിക്കാൻ ശ്രമിക്കുകയാണ്. യൂദാസ് തന്നെ ഒറ്റിക്കൊടുക്കും എന്നറിഞ്ഞിട്ടും, പത്രോസ് തള്ളിപ്പറയും എന്നറിഞ്ഞിട്ടും, മറ്റു ശിഷ്യന്മാർ തന്നെ ഒറ്റപ്പെടുത്തി ദൂരെയോടും എന്നറിഞ്ഞിട്ടും അവൻ എല്ലാവർക്കുമായി വിഭജനത്തിന്റെ കൂദാശ പരികർമ്മം ചെയ്യുകയാണ്. "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്ന് പറയുന്നതുവഴി ഈശോ അവരെ ഈ അനുരഞ്ജനത്തിന്റെ ആവശ്യകതയിലേയ്ക്ക് നയിക്കുകയാണ്.

വി. പൗലോസ് ശ്ലീഹാ പറഞ്ഞുവയ്ക്കുന്നു "അതുകൊണ്ട് ആത്മശോധനയ്ക്കുശേഷം ഓരോരുത്തരും അപ്പം ഭക്ഷിക്കുകയും, രക്തം പാനം ചെയ്യുകയും ചെയ്യട്ടെ" ജോഷ്വായുടെ പുസ്തകം അത് അനുസ്മരിപ്പിക്കുന്നു. "എല്ലാവരും കർത്താവിന്റെ സന്നിധിയിൽ ശുദ്ധിയുള്ളവരാകട്ടെ എന്ന്.

അതുകൊണ്ട് ഓരോ ബലിയർപ്പണവും, തികഞ്ഞ ആത്മശോധനയ്ക്കു ശേഷമാവട്ടെ. എങ്കിലെ അർപ്പിക്കുന്ന ബലിയ്ക്ക് വിലയുണ്ടാകൂ.

## പരി. കുർബ്ബാന: ചെറുതാകലിന്റെ കൂദാശയാണ്

"ഇത്ര ചെറുതാകാൻ ഇനി എത്ര വളരേണം". ഇത് പരി. കുർബ്ബാനയെ പ്രണയിക്കുന്ന ഓരോ മനുഷ്യമനസ്സുകളെയും തഴുകിയുണർത്തിയ ഈരടികളാണ്.

അന്ന് ശിഷ്യരുടെ കാലുകൾ കഴുകി ഈശോ സ്വയം ശൂന്യനായി പുതുകൂദശ സ്ഥാപിച്ചെങ്കിൽ, ഇന്ന് പരി.കുർബ്ബാനയിൽ പങ്കാളിയാകുന്ന നാം ഓരോരുത്തരോടും ഒരു ചെറുതാകലിന്റെ മനോഭാവം ആവശ്യപ്പെടുന്നു. മനുഷ്യൻ സ്വയം ദൈവങ്ങളായി മനുഷ്യനെ തന്റെ പാദത്തിന്റെ കീഴിലാക്കുമ്പോൾ, ഇത് ദൈവം സ്വയം താഴ്ന്നു ശിഷ്യരുടെ കാൽപാദത്തോളം താഴുന്നു."

പെസഹാ തിരുനാൾ വലിയവനായ ദൈവം ചെറുതായി, ഒരപ്പത്തോളം ശൂന്യനായതിന്റെ പുണ്യം പേറുന്ന ദിനമാണ്. അത് ഇന്ന് നിന്നോട് ആവശ്യപ്പെട്ട നിന്റെ ചില മനോഭാവങ്ങളെ മാറ്റി, ഒരു ചെറുതാകലിന് മനസ്സിനെ സ്വന്തമാക്കാൻ. അതിനായി നമുക്കും പരിശ്രമിക്കാം.